**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 321** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഹബ് ആന്റ് സ്പോക്ക് മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഹബ് ആന്റ് സ്പോക്ക് മാതൃക നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഐ.ടി വികസനം മുഖ്യ നഗരങ്ങളിൽ മാത്രം ഒതുങ്ങാതെ സംസ്ഥാന വ്യാപകമായി ഘട്ടം ഘട്ടമായി വിപുലപ്പെടുത്തുക എന്ന സർക്കാർ നയം അനുസരിച്ച് ടെക്നോപാർക്കിന്റേയും ഇൻഫോപാർക്കിന്റേയും മുഖ്യ ക്യാമ്പസുകൾക്കു പുറമേ ഹബ് ആൻഡ് സ്പോക് മാതൃകയിൽ ഐ.ടി പാർക്കുകൾ പ്രവർത്തിച്ചുവരുന്നു. തൊഴിലവസരങ്ങൾ ഇരട്ടിയാക്കുക, ഐ.ടി വികസനത്തിന്റെ നേരിട്ടും പരോക്ഷവുമായ ഗുണങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക എന്നതാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>ടെക്നോപാർക്കിന്റെ മുഖ്യ ക്യാമ്പസിനു പുറമേ ഹബ് ആൻഡ് സ്പോക് മാതൃകയിൽ കൊല്ലം ജില്ലയിലെ കുണ്ടറയിൽ 4.45 ഏക്കർ സ്ഥലത്ത് 1 ലക്ഷം ച.അടിയിൽ ടെക്നോപാർക്ക് കൊല്ലം എന്ന പേരിലും ഇൻഫോപാർക്കിന്റെ കൊച്ചി ആസ്ഥാനമായിട്ടുള്ള മുഖ്യ ക്യാമ്പസിന് പുറമേ തൃശ്ശൂർ ജില്ലയിൽ കൊരട്ടിയിൽ 30 ഏക്കർ സ്ഥലത്ത് 4 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോപാർക്ക് തൃശ്ശൂർ എന്ന പേരിലും, ചേർത്തലയിൽ 66 ഏക്കർ സ്ഥലത്ത് 2.4 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോപാർക്ക് ചേർത്തല എന്ന പേരിലും, കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തോട് അനുബന്ധിച്ച് 30,000 ച.അടി ബിൽറ്റ്-അപ്പ് സ്പെയിസിൽ ഇൻഫോപാർക്ക് ടി.ബി.സി എന്ന പേരിലും ഐ.ടി പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഐ.ടി. വ്യവസായത്തിനാവശ്യമായ ഇന്റർനെറ്റ് കണക്ടിവിറ്റി, വൈഫൈ ഹോട്ട്സ്പോട്ടുകൾ എന്നിവ | (ബി) | ഹബ് ആൻഡ് സ്പോക് കേന്ദ്രങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | കണക്ടിവിറ്റി, വൈഫൈ ഹോട്ട്സ്പോട്ടുകൾ എന്നിവ സ്വകാര്യ നെറ്റ് വർക്ക് കമ്പനികളുടെ സഹായത്തോടെ ടെക്നോപാർക്കിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ സുഗമമായ സേവനം ലഭ്യമാക്കുന്നതിന് വേണ്ടി പൊതുവായ കേബിൾ ഡക്റ്റ്, ആന്റിന/ടവർ/റാക്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ടെക്നോപാർക്ക് സേവനദാതാക്കൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. പ്രധാന സേവനദാതാക്കളായ എയർടെൽ, ബിഎസ്എൻ.എൽ, ടാറ്റ ടെലികമ്മ്യൂണിക്കേഷൻ, റിലയൻസ് ജിയോ, തുടങ്ങിയ പത്തിലധികം സേവനദാതാക്കളുടെ സേവനം ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ലഭ്യമാണ്.<br><br>ഐ.ടി കമ്പനികൾ തങ്ങളുടെ ഓഫീസ് പരിസരത്ത് അതത് കമ്പനികളുടെ പോളിസി പ്രകാരം വൈഫൈ/ ഹോട്ട്സ്പോട്ട് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഇൻഫോപാർക്ക് ഓരോ കെട്ടിടത്തിലും ഒരു പൊതു നെറ്റ്വർക്ക് ഹബ് റൂം വികസിപ്പിച്ചെടുക്കുകയും ഓരോ സേവന ദാതാവിന്റെയും ആവശ്യമായ നെറ്റ്വർക്ക് (ഇന്റർനെറ്റ് ലൈനുകൾ) നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇൻഫോപാർക്കിലെ ഐ.ടി കമ്പനികൾ അവരുടെ ഓഫീസ് പരിസരത്ത് വൈഫൈ/ ഹോട്ട്സ്പോട്ട് സൗകര്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ റെയിൽടെൽ, ഏഷ്യാനെറ്റ്, ബിഎസ്എൻഎൽ, കേരള വിഷൻ, ടാറ്റ, എയർടെൽ, മുതലായ കമ്പനികളുടെ സേവനങ്ങൾ ഉറപ്പ് വരുത്തിയിട്ടുമുണ്ട്.<br><br>സൈബർപാർക്കിലും പ്രധാന സേവന ദാതാക്കളായ ഏഷ്യാനെറ്റ്, ബിഎസ്എൻഎൽ, ടാറ്റ, എയർടെൽ, മുതലായ കമ്പനികളുടെ സേവനങ്ങളും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ